**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3186** **25-10-2021 - ൽ മറുപടിയ്ക്ക്**

**എച്ച്. എസ്. എസ്. ടി. തസ്തികയിലേയ്ക്കുള്ള പ്രമോഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ഗവ. ഹയർ സെക്കണ്ടറിയിൽ എച്ച്. എസ്. എസ്. ടി. തസ്തികയിലേയ്ക്കുള്ള പ്രമോഷനായി ഡി.പി.സി. ലിസ്റ്റിൽ ഉയർന്ന സീനിയോറിറ്റി ഉണ്ടായിട്ടും 10.09.2021-ലെ വിവിധ ഉത്തരവുകൾ പ്രകാരമുള്ള പ്രമോഷനിൽ നിന്ന് ഒഴിവാക്കപ്പെട്ട അദ്ധ്യാപകരുടെ വിവരം വിഷയാടിസ്ഥാനത്തിൽ നൽകാമോ; | (എ) | എച്ച്.എസ്.എസ്.റ്റി സുവോളജി വിഷയത്തിൽ സീരിയൽ നമ്പർ 1 ആയി ഉൾപ്പെട്ടിരുന്ന ശ്രീമതി. ശ്രീമതി കെ.പി-യ്ക്ക് എച്ച്.എസ്.എസ്.റ്റി. ആയി നിയമനം നൽകിയിരുന്നില്ല. 02/08/2021 ലെ എഡി.സി3/180537/20/ഡി.ജി.ഇ നമ്പർ സെലക്റ്റ് ലിസ്റ്റിൽ ഉൾപ്പെട്ട മറ്റെല്ലാവർക്കും എച്ച്.എസ്.എസ്.റ്റി ആയി നിയമനം നൽകിയിട്ടുണ്ട്. |
| (ബി) | ഡി.പി.സി. ലിസ്റ്റിൽ ഉൾപ്പെട്ടിട്ടും ഇവരെ ഒഴിവാക്കിയതിന്റെ കാരണം വിശദമാക്കാമോ; ഇവർ ഒഴിവാക്കപ്പെട്ടത് മൂലമുണ്ടായ ഒഴിവുകൾ നികത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ മതിയായ എണ്ണം അദ്ധ്യാപകരെ ഡി.പി.സി. ലിസ്റ്റിൽ ഉൾപ്പെടുത്തുമോ; വ്യക്തമാക്കുമോ; | (ബി) | സർവ്വീസിൽ നിന്നും വിരമിച്ചതിനാലാണ് ശ്രീമതി. ശ്രീമതി കെ.പി-ക്ക് നിയമനം നൽകാതിരുന്നത്. ടി ഒഴിവ് അടുത്ത് നടക്കുന്ന എച്ച്.എസ്.എസ്.റ്റി. (ജൂനിയർ) അദ്ധ്യാപകരുടെ എച്ച്.എസ്.എസ്.റ്റി. ആയുള്ള തസ്തികമാറ്റ നിയമനത്തിൽ ഉൾപ്പെടുത്തി നികത്തുന്നതാണ്. |
| (സി) | ഗവ. ഹയർ സെക്കണ്ടറിയിൽ എച്ച്. എസ്. എസ്. ടി. തസ്തികയിലേയ്ക്കുള്ള പ്രമോഷനായി ഡി.പി.സി. ലിസ്റ്റ് കൃത്യതയോടെ തയ്യാറാക്കാത്തത് കാരണം ഒഴിവുകൾ പൂർണ്ണമായി നികത്താൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഡി.പി.സി-കൾ സമയബന്ധിതമായി ചേർന്ന് ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) | ഗവ. ഹയർ സെക്കണ്ടറിയിൽ 2020 ൽ നിലവിൽ വന്ന സീനിയർ ഒഴിവുകളിലേയ്ക്ക് 10.09.2021 ലെ വിവിധ ഉത്തരവുകൾ പ്രകാരം എച്ച്. എസ്. എസ്. ടി. തസ്തികയിലേയ്ക്ക് പ്രമോഷൻ ലഭിച്ച അദ്ധ്യാപകർ റിലിംക്വിഷ് ചെയ്തത് മൂലമുണ്ടായ ഒഴിവുകൾ നികത്താൻ നടപടി സ്വീകരിക്കുമോ? | (ഡി) | 10/09/2021-ലെ ഉത്തരവ് പ്രകാരം എച്ച്.എസ്.എസ്.റ്റി.തസ്തികയിലേക്ക് നിയമനം ലഭിച്ച അദ്ധ്യാപകർ,റിലിംഗ്വിഷ് ചെയ്ത ഒഴിവുകൾ അടുത്ത ഡി.പി.സി യിൽ ഉൾപ്പെടുത്തി നികത്താൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ